6. കൊച്ചി മറൈൻഡ്രൈവ് എക്കോ ടൗൺഷിപ്പ് പ്രോജക്ട്: എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ മറൈൻഡ്രൈവിൽ 19.46 ഏക്കർ സ്ഥലത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന എക്കോ ടൗൺഷിപ്പ് പദ്ധതിക്ക് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. (ജി.ഒ.എം.എസ്. 11/2005/ഭവനം. തീയതി 21-3-2005) ഒന്നാം ഘട്ടമായി പദ്ധതി ഭൂമിയെ റസിഡൻഷ്യൽ, കൊമേഴ്സ്യൽ, ടൂറിസം സോണുകളായി തിരിച്ച് ഭൂവികസന പ്രവൃത്തി നടപ്പാക്കുന്നതിന് 60.11 കോടി രൂപ പ്രതീക്ഷിക്കുന്നു.

ഭവന നിർമ്മാണ ബോർഡ് നിർമ്മിക്കുന്ന വിമൻസ് ഹോസ്റ്റലുകൾ

32 [3556] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:*

„ *മഞ്ഞളാംകുഴി അലി:*

„ *കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 60 കോടി രൂപ ചെലവിൽ 12 ജില്ലകളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതാണെന്ന 2004-2005 ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) എത്ര ഹോസ്റ്റലുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്; എത്ര ഹോസ്റ്റലുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്;

(സി) കേന്ദ്ര ഗവൺമെന്റിൽ നിന്നും ഈ ആവശ്യത്തിനായി എന്തു തുക ആവശ്യപ്പെട്ടിട്ടുണ്ട്; എന്തു തുക ലഭിച്ചിട്ടുണ്ട്;

(ഡി) സംസ്ഥാന ഗവൺമെന്റ് ഇതിലേക്കായി എന്തു തുക ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ) തിരുവനന്തപുരം, തൃശ്ശൂർ, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലകളിൽ വാടകവീട് പദ്ധതിക്കായി ഭവന നിർമ്മാണ ബോർഡിന് നൽകിയിട്ടുള്ള ഭൂമികളിലും കൂടാതെ ബോർഡിന്റെ കൈവശമുള്ള സ്ഥലങ്ങളിലും ഡിമാന്റ് അനുസരിച്ച് വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന്റെ അഭികാമ്യത പരിശോധിച്ചു വരുന്നു.

(ബി) ഇടുക്കി (മുട്ടം), കോട്ടയം (ഗാന്ധിനഗർ), എറണാകുളം (കാക്കനാട്) എന്നീ ജില്ലകളിൽ മൂന്ന് ഹോസ്റ്റലുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പുതിയതായി ഒരു ഹോസ്റ്റലിന്റെയും നിർമ്മാണം ആരംഭിച്ചിട്ടില്ല.

(സി) കോട്ടയത്ത് ഗാന്ധിനഗറിലുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റലിന് ഇതുവരെ 76.05 ലക്ഷം രൂപയും ഇടുക്കിയിൽ മുട്ടത്തുള്ള വർക്കിംഗ് വിമൻസ്

LIBRARY ARCHIVES Kerala Legislative Assembly

ഹോസ്റ്റലിന് 70.18 ലക്ഷം രൂപയും കേന്ദ്ര ഗവൺമെന്റിൽനിന്നും ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. കാക്കനാട്ടുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റലിന് മൂന്നാം ഗഡു ഗ്രാന്റ് തുകയായ 15,21,117 രൂപ ലഭിക്കുന്നതിനായി ഭവന നിർമ്മാണ ബോർഡ് കേന്ദ്ര ഗവൺമെന്റിന് അപേക്ഷ നൽകിയിട്ടുണ്ട്. മൂന്നാം ഗഡു ലഭിച്ചശേഷം നാലാം ഗഡുവിനുള്ള അപേക്ഷ നൽകും.

(ഡി) സംസ്ഥാന സർക്കാർ ഇതിലേക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഹൗസിംഗ് ബോർഡ് ഫ്ളാറ്റുകളുടെയും പ്ലോട്ടുകളുടെയും ലേലം

33 [3557] *ശ്രീ. വി. ജെ. പൗലോസ്:*

„ *കെ. എ. ചന്ദ്രൻ:*

„ *ജി. പ്രതാപവർമ്മ തമ്പാൻ:*

ഡോ. എം. എ. കുട്ടപ്പൻ:

ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹൗസിംഗ് ബോർഡ് ഫ്ളാറ്റുകളും, വീടുകളുടെ പ്ലോട്ടുകളും ലേലം ചെയ്തു വിൽക്കുവാൻ തുടങ്ങിയത് എന്നുമുതലാണ്;

(ബി) ഇവ ലേലത്തിൽ വിൽക്കുവാനുള്ള കാരണമെന്താണ്;

(സി) ഇവ ദീർഘകാല ഹയർ പർച്ചേഴ്സ് അടിസ്ഥാനത്തിൽ വാങ്ങുവാൻ ഇടപാടുകാരെ കിട്ടാതെ വന്നത് എന്തുകൊണ്ടാണ്;

(ഡി) ഇതുവരെ എത്ര ഫ്ളാറ്റുകളും, വീടുകളും, പ്ലോട്ടുകളും ലേലത്തിൽ കൊടുത്തു എന്നും ഈയിനത്തിൽ ബോർഡിന് എന്തു തുക കിട്ടിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 30-12-2003-മുതലാണ്.

(ബി) ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ സമാഹരിച്ച് ബോർഡ് പദ്ധതികൾ നടപ്പിലാക്കുന്നതുമൂലം ബോർഡ് നിശ്ചയിക്കുന്ന വില ചിലപ്പോൾ പ്രാദേശിക മാർക്കറ്റ് വിലയേക്കാൾ കൂടുതലായി വരുന്നതിനാൽ ഇവ വാങ്ങുവാൻ ആളുകൾ പലപ്പോഴും മുന്നോട്ടു വരുന്നില്ല. ഇപ്രകാരം വർഷങ്ങളായി വിൽക്കാതെ കിടക്കുന്ന യൂണിറ്റുകളുടെ വില സർക്കാർ കുറവ് ചെയ്ത് നിശ്ചയിച്ചിട്ടും വിറ്റു പോകാത്ത യൂണിറ്റുകൾ അവയുടെ വിലയുടെ 75% അപ്സെറ്റ് പ്രൈസ് ആയി നിശ്ചയിച്ച് ലേലം ചെയ്തു വിൽക്കുവാൻ ബോർഡിന് അനുമതി നൽകിയിട്ടുണ്ട്.

(സി) ഉത്തരം 'ബി' യിൽ വിശദമാക്കിയ പ്രകാരം അലോട്ട്മെന്റ് യൂണിറ്റുകളുടെ വില പ്രാദേശിക മാർക്കറ്റ് വിലയേക്കാൾ പലപ്പോഴും കൂടുതലായി

LIBRARY ARCHIVES Kerala Legislative Assembly